ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. എ.സി.ഡി/സ്പെ.സെൽ/1/1283/എസ്.ഡബ്ല്യൂ.എസ്./എച്ച്.എസ്.ഇ/2010 തീയതി : 07-07-2010

## സർക്കുലർ

വിഷയം: – ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്–അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് വൺ സീറ്റ് വർദ്ധന– സംബന്ധിച്ച്.

സൂചന: – 1) 03/07/2010 ലെ പൊതു വിദ്യാഭ്യാസ വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) 2912/2010.
2) 25/02/2010 ലെ പൊതു വിദ്യാഭ്യാസ വകുപ്പ് സ.ഉ(സാധാ) 889/2010.

സംസ്ഥാനത്തെ അംഗീകൃത അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2010–11 സ്കൂൾ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് സ്ഥാപനം ആവശ്യപ്പെടുന്ന മുറക്ക് 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ച് നൽകിക്കൊണ്ട് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവായി. ആയതിനാൽ സീറ്റ് വർദ്ധനവ് ആവശ്യമുള്ള അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ താഴെ പറയുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ **jdacad @g mail.com** എന്ന വിലാസത്തിൽ 13/07/2010 ന് മുമ്പ് ഇ–മെയിൽ അയക്കുകയും അതോടൊപ്പം അപേക്ഷയുടെ പകർപ്പ് ഹയർ സെക്കന്ററി ഡയറക്ടർക്ക് തപാൽ മാർഗ്ഗം സമർപ്പിക്കേണ്ടതുമാണ്.

1. School Code
2. Name of School
3. No. Batches and Combinations Sanctioned
(Specify Govt. Orders)
4. Percentage Marginal increase required
for each Batch/ Combination

അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ അധികൃതർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ബാച്ചുകളിലും കോമ്പിനേഷനുകളിലും മാത്രമേ പ്ലസ് വൺ പ്രവേശനം നടത്തുവാൻ പാടുള്ളൂ. അനുവദനീയമായതിലും കൂടുതൽ കുട്ടികളെ പ്രവേശിപ്പിച്ചാൽ അപ്രകാരം ചെയ്യുന്ന സ്കൂളുകളുടെ അംഗീകാരം റദ്ദു ചെയ്യാൻ വേണ്ട കർശന നടപടികൾ സ്വീകിരക്കുന്നതാണെന്ന് സൂചന 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഒപ്പ്)
ഡയറക്ടർ

പകർപ്പ് : എല്ലാ അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും